## I. കൊലൊസ്സ്യരിൽ വെളിപ്പെടുത്തിയിരിക്കുന്ന സർവവും ഉൾക്കൊള്ളുന്ന ക്രിസ്തുവിനെ അറിയുവാനും അനുഭവമാക്കുവാനും കഴിയുന്നത് ഒരു അനുഗ്രഹമാണ്:

- ക്രിസ്തു "സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്"—കൊലൊ.1:18: പഴയ സൃഷ്ടിയിലും പുതിയ സൃഷ്ടിയിലും ക്രിസ്തുവാണ് ഒന്നാമനും ഒന്നാം സ്ഥാനം വഹിക്കുന്നവനും. പ്രപഞ്ചത്തിലും സഭയിലും ക്രിസ്തുവാണ് സർവോൽകൃഷ്ടനായവൻ. [കൊലൊ. 1:18] അവൻ സഭ എന്ന ശരീരത്തിന്റെ തലയാകുന്നു; അവൻതന്നെ എല്ലാറ്റിലും ഒന്നാമത് ആകേണ്ടതിന്, അവൻ ആരംഭവും മരിച്ചവരിൽനിന്ന് ആദ്യജാതനും ആകുന്നു;

- "മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു"—കൊലൊ. 27: നമ്മുടെ ജീവനും വ്യക്തിയുമാകാൻ നമ്മുടെ ആത്മാവിൽ വസിക്കുന്ന ക്രിസ്തു, നമ്മുടെ മഹത്വത്തിന്റെ പ്രത്യാശയാണ്. അവൻ വരുമ്പോൾ നാം അവനിൽ തേജസ്കരിക്കപ്പെട്ട് നമ്മുടെ ഭൗതിക ശരീരം കായാന്തരപ്പെടുകയും അവന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപപ്പെടുകയും ചെയ്യേണ്ടതിന്, ഉൾവസിക്കുന്ന ക്രിസ്തു നമ്മുടെ മുഴുവൻ ആളത്തത്തെയും സാന്ദ്രീകരിക്കും. [Col. 1:27] അവരോടു ജാതികൾക്കിടയിലെ ഈ മർമത്തിന്റെ മഹിമാധനം എന്തെന്ന് അറിയിക്കുവാൻ ദൈവം ഇച്ഛിച്ചു, അത് മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നതുതന്നെ,

- കൊലൊസ്സ്യരിലെ പല പ്രധാന പദപ്രയോഗങ്ങളും ക്രിസ്തുവിനെക്കുറിച്ചുള്ള നമ്മുടെ അനുഭവത്തിലേക്ക് വിരൽ ചൂണ്ടുന്നു: 1. "ക്രിസ്തു നിങ്ങളിൽ", 2. "ക്രിസ്തുവിൽ പൂർണവളർച്ച", 3. "അവനിൽ നടക്കുവിൻ", 4. "ക്രിസ്തുവിനൊത്തവണ്ണം", 5. "അവനോടുകൂടെ ജീവിപ്പിച്ചു", 6. "ക്രിസ്തുവിനോടുകൂടെ മരിച്ചു", 7. "തലയെ മുറുകെപ്പിടിച്ച്", 8. "അവനിൽനിന്ന്", 9. "ദൈവത്തിന്റെ വളർച്ചയാൽ വളരുന്നു". [Col. 2:6-7] ആകയാൽ നിങ്ങൾ യേശു കർത്താവായ, ക്രിസ്തുവിനെ കൈക്കൊണ്ടതുപോലെ, അവനിൽ നടക്കുവിൻ, അവനിൽ വേരൂന്നി പണിയപ്പെട്ടുകൊണ്ട്, നിങ്ങളെ ഉപദേശിച്ചതുപോലെ വിശ്വാസത്തിൽ ഉറച്ചും, സ്തോത്രത്തിൽ വർധിച്ചുംകൊണ്ട് തന്നെ.

- "ക്രിസ്തു എന്ന ദൈവമർമം....അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും സകല നിക്ഷേപങ്ങളും മറഞ്ഞിരിക്കുന്നു"—വാ. 2-3: കൊലൊസ്സ്യർ ദൈവത്തിന്റെ മർമമായ തലയായ ക്രിസ്തുവിനെ സംബന്ധിച്ചാണ്. യഥാർഥ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും സകല നിക്ഷേപങ്ങളും ക്രിസ്തുവിൽ മറഞ്ഞിരിക്കുന്നു. ഇത് ക്രിസ്തുവിനെയും സഭയെയും സംബന്ധിച്ച ദിവ്യവ്യവസ്ഥയുടെ ആത്മിക ജ്ഞാനവും പരിജ്ഞാനവുമാണ്. ജ്ഞാനം നമ്മുടെ ആത്മാവോടു ബന്ധപ്പെട്ടിരിക്കുന്നു, അറിവ് നമ്മുടെ മനസ്സോടു ബന്ധപ്പെട്ടിരിക്കുന്നു. [Col. 2:2-3] അവരുടെ ഹൃദയങ്ങൾക്ക് ആശ്വാസം ഉണ്ടാകേണ്ടതിനും, അവർ സ്നേഹത്തിൽ കൂട്ടിയിണയ്ക്കപ്പെട്ടും, ഗ്രാഹ്യത്തിന്റെ പൂർണ നിശ്ചയത്തിന്റെ സകല സമ്പത്തോളം, ക്രിസ്തു എന്ന ദൈവമർമത്തിന്റെ പൂർണ പരിജ്ഞാനത്തോളം എത്തുവാനുമായി, എത്ര വലിയ പോരാട്ടം എനിക്കുണ്ടെന്ന് നിങ്ങൾ അറിയുവാൻ ഞാൻ ഇച്ഛിക്കുന്നു. അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും സകല നിക്ഷേപങ്ങളും മറഞ്ഞിരിക്കുന്നു.

- "അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത"—കൊലൊ. 2:9-10: ക്രിസ്തുവിൽ വസിക്കുന്നത് ദൈവത്വത്തിന്റെ സമ്പത്ത് മാത്രമല്ല, ദൈവം താൻ ആയിരിക്കുന്നതിന്റെ സമ്പത്തിന്റെ ആവിഷ്കാരവുമാണ്. ദൈവത്വത്തിന്റെ സകല നിറവും ഒരു മനുഷ്യ ശരീരമുള്ളവനെന്ന നിലയിൽ ക്രിസ്തുവിൽ വസിക്കുന്നു. [Col. 2:9-10] അവനിലല്ലോ ദൈവത്വത്തിന്റെ സകല നിറവും ദേഹരൂപമായി വസിക്കുന്നത്, സകല വാഴ്ച്ചയ്ക്കും അധികാരത്തിനും തലയായ അവനിൽ നിങ്ങളും പൂർണരായിരിക്കുന്നു.

- "ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർപ്പിക്കപ്പെട്ടുവെങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ള കാര്യങ്ങൾ അന്വേഷിക്കുവിൻ"—3:1 എന്നത് സൂചിപ്പിക്കുന്നത് ക്രിസ്തുവിനോടുകൂടെ നമുക്ക് ഒരു സ്ഥാനവും, ഒരു ജീവനും, ഒരു ജീവിതവും, ഒരു ദൈവകൽപ്പിതവും, ഒരു തേജസ്സും ഉണ്ടെന്നാണ്. സ്വർഗത്തിലെ ദൈവം നമ്മുടെ ജീവിതത്തിന്റെ മണ്ഡലമായിരിക്കണം; ക്രിസ്തുവിനോടുകൂടെ നാം ദൈവത്തിൽ ജീവിക്കണം.. [Col. 3:1-4] ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർപ്പിക്കപ്പെട്ടുവെങ്കിൽ, ക്രിസ്തു ദൈവത്തിന്റെ വലത്തുഭാഗത്ത് ഇരിക്കുന്നിടമായ ഉയരത്തിലുള്ള കാര്യങ്ങൾ അന്വേഷിക്കുവിൻ. ഭൂമിയിലുള്ള കാര്യങ്ങളിലല്ല, ഉയരത്തിലുള്ള കാര്യങ്ങളിൽ മനസ്സുറപ്പിക്കുവിൻ. എന്തെന്നാൽ നിങ്ങൾ മരിച്ചു, നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. നമ്മുടെ ജീവനായ ക്രിസ്തു വെളിപ്പെടുമ്പോൾ നിങ്ങളും അവനോടുകൂടെ തേജസ്സിൽ വെളിപ്പെടും.

**II. "തലയെ മുറുകെപ്പിടിക്കാതെ [*മുറുകെപിടിച്ചുകൊണ്ട്*] തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സമ്പന്ന സഹായം ലഭിച്ച്.., ദൈവത്തിന്റെ വളർച്ചയാൽ വളരുന്നു"**

- വളരുക എന്നതിനർഥം ക്രിസ്തുവിനെ നമ്മിലേക്ക് കൂട്ടിച്ചേർക്കുക എന്നാണ്. ശരീരം തലയിൽ നിന്ന് വളരുന്നു, എന്തെന്നാൽ സകല സഹായവും തലയിൽനിന്നു വരുന്നു. തലയെ മുറുകെപ്പിടിച്ചുകൊണ്ട് ശരീരത്തിനു സഹായം ലഭിക്കുമ്പോൾ, ശരീരം ദൈവത്തിന്റെ വളർച്ചയാൽ വളരുന്നു. ശരീരത്തിന്റെ വളർച്ച നമ്മുടെ ഉള്ളിലെ ദൈവത്തിന്റെ വളർച്ചയെ, ദൈവത്തിന്റെ കൂട്ടിച്ചേർക്കലിനെ, ദൈവത്തിന്റെ വർധനവിനെ ആശ്രയിച്ചിരിക്കുന്നു. വ്യക്തിനിഷ്ഠമായ രീതിയിൽ അവനെത്തന്നെ നമുക്ക് നൽകികൊണ്ട് ദൈവം വളർച്ച നൽകുന്നു. ദൈവം നമ്മിൽ എത്രയധികം കൂട്ടിച്ചേർക്കപ്പെടുന്നുവോ അത്രയധികം അവൻ നമുക്ക് വളർച്ച നൽകുന്നു; ഇപ്രകാരമാണ് ദൈവം വളർച്ച നൽകുന്നത്. ദൈവം നമുക്ക് വളർച്ച നൽകുന്നു എന്നതിനർഥം അവൻ അവനെത്തന്നെ നമുക്ക് നൽകുന്നു എന്നാണ്. ദൈവത്തിനു മാത്രമേ വളർച്ച നൽകുവാൻ കഴിയൂ; ദൈവത്തിനു മാത്രമേ നമുക്ക് അവനെത്തന്നെ നൽകുവാൻ കഴിയൂ, അവനെകൂടാതെ നമുക്ക് വളർച്ച ഉണ്ടായിരിക്കുവാൻ കഴിയില്ല. [1 Cor. 3:6] ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്. [Gal. 4:19] ക്രിസ്തു നിങ്ങളിൽ ഉരുവാകുവോളം നിങ്ങൾ നിമിത്തം ഞാൻ വീണ്ടും പ്രസവവേദനപ്പെടുന്ന എന്റെ കുഞ്ഞുങ്ങളേ, [Col. 2:19] ... തലയെ മുറുകെപ്പിടിക്കാതെ തന്നെ. അവനിൽ നിന്നല്ലോ ശരീരം മുഴുവൻ, സന്ധികളും ഞരമ്പുകളും മുഖാന്തരം സമ്പന്ന സഹായം ലഭിച്ചും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, ദൈവത്തിന്റെ വളർച്ചയാൽ വളരുന്നത്. [Rom. 8:11] യേശുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നുവെങ്കിൽ, ക്രിസ്തുവിനെ മരിച്ചവരിൽനിന്ന് ഉയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിലൂടെ നിങ്ങളുടെ മർത്യശരീരങ്ങൾക്കും ജീവൻ നൽകും.

- ശരീരത്തിന്റെ വളർച്ചയാണ് ശരീരത്തിന്റെ കെട്ടുപണി. എഫെസ്യർ 4:12-16 പുതിയനിയമത്തിൽ ഒരു പ്രത്യേക സ്ഥാനം വഹിക്കുന്നു, കാരണം അത് ക്രിസ്തുവിന്റെ ശരീരം കെട്ടുപണിചെയ്യുന്നതിനെക്കുറിച്ചുള്ള മർമം കാണിച്ചുതരുന്നു. ക്രിസ്തുവിന്റെ ശരീരത്തിന്റെ വളർച്ച സഭയിലെ ക്രിസ്തുവിന്റെ വർധനവാണ്, അത് ശരീരത്താൽത്തന്നെ ശരീരത്തിന്റെ കെട്ടുപണി നടക്കുന്നതിൽ പരിണമിക്കുന്നു. ക്രിസ്തു വിശുദ്ധന്മാരിലേക്ക് പ്രവേശിച്ച് അവരുടെ ഉള്ളിൽ ജീവിക്കുമ്പോൾ, വിശുദ്ധന്മാരുടെ ഉള്ളിലെ ക്രിസ്തു സഭയായിത്തീരുന്നു. നമ്മുടെ ഉള്ളിലെ ക്രിസ്തുവിന്റെ വളർച്ചയാൽ ക്രിസ്തുവിന്റെ ശരീരം വളരുന്നു, അങ്ങനെ ഈ രീതിയിൽ ശരീരം പണിയപ്പെടുന്നു. ശരീരം തന്നെത്താൻ കെട്ടുപണിയുന്ന സ്നേഹം നമ്മുടെ സ്വന്തം സ്നേഹമല്ല, പിന്നെയോ ക്രിസ്തുവിലുള്ള ദൈവസ്നേഹമാണ്, അത് നമ്മിൽ ക്രിസ്തുവിന്റെ സ്നേഹമായിത്തീരുന്നു, അതിനാൽ നാം ക്രിസ്തുവിനെയും അവന്റെ ശരീരത്തിലെ സഹ അവയവങ്ങളെയും സ്നേഹിക്കുന്നു. സ്നേഹം ദൈവത്തിന്റെ ആന്തരിക സത്തയാണ്; നാം ദൈവത്തിന്റെ ആന്തരിക സത്തയിലേക്ക് പ്രവേശിക്കുമ്പോൾ, നാം ദൈവത്തെ സ്നേഹമായി ആസ്വദിക്കുകയും ദിവ്യ സ്നേഹത്തിന്റെ മാധുര്യത്തിൽ അവന്റെ സാന്നിധ്യം ആസ്വദിക്കുകയും അതുവഴി ക്രിസ്തു ചെയ്തതുപോലെ മറ്റുള്ളവരെ സ്നേഹിക്കുകയും ചെയ്യുന്നു. അത്തരത്തിലുള്ള സ്നേഹത്തിലാണ് നാം സത്യത്തെ, അതായത് തന്റെ ശരീരത്തോടുകൂടെ ക്രിസ്തുവിനെ മുറുകെപ്പറ്റുന്നതും, ഉപദേശത്തിന്റെ കാറ്റിനാൽ സ്വാധീനിക്കപ്പെടുന്നതിൽനിന്നും ശരീരത്തിന് അന്യമായ മൂലകങ്ങളെ കൊണ്ടുവരുന്നതിൽനിന്നും സംരക്ഷിക്കപ്പെടുന്നതും. [Eph 4:11,13] അവൻതന്നെ ചിലരെ അപ്പൊസ്തലന്മാരായും ചിലരെ പ്രവാചകന്മാരായും ചിലരെ സുവിശേഷകന്മാരായും ചിലരെ ഇടയന്മാരും ഉപദേഷ്ടാക്കന്മാരായും നൽകി,..ക്രിസ്തുവിന്റെ ശരീരത്തിന്റെ, കെട്ടുപണിക്കായി, ശുശ്രൂഷയുടെ വേലയ്ക്കായി, വിശുദ്ധന്മാരുടെ തികവിനു വേണ്ടി ആകുന്നു,, [Eph 4:15] സ്നേഹത്തിൽ സത്യത്തെ മുറുകെപ്പറ്റിക്കൊണ്ട്, തലയായ ക്രിസ്തുവിലേക്കു നാം സകലത്തിലും വളരേണ്ടതിനു തന്നെ,, [Eph 4:16] അവനിൽനിന്ന് ശരീരം മുഴുവനും, ...സ്നേഹത്തിൽ അതിന്റെതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.